
എം എ യു പി സ്കൂൾ മാവിലാകടപ്പുറം
അക്കാദമിക
മാസ്റ്റർ പ്ലാൻ
2025-26

# ആമുഖം

വിദ്യാഭ്യാസത്തിലൂടെ ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്ര വികസനം സാധ്യമാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് മാവിലാകടപ്പുറത്തെ എം എ യു പി സ്കൂൾ പ്രവർത്തിക്കുന്നത്. തീരദേശ മേഖലയുടെ തനതായ സാംസ്കാരിക, സാമൂഹിക, പാരിസ്ഥിതിക സാഹചര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇവിടുത്തെ വിദ്യാർഥികളുടെ പഠന മികവ് ഉയർത്തുന്നതിൽ നമ്മുടെ വിദ്യാലയത്തിന് നിർണായകമായ പങ്കുണ്ട്. എം എ യു പി സ്കൂളിന്റെ നിലവിലുള്ള അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഭാവിയിൽ വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനും ആവശ്യമായ സമഗ്ര രേഖയാണ് ഇത്. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പഠനനിലവാരം ഉയർത്തുന്നതിനും നൂതന പഠന രീതികൾ നടപ്പിലാക്കുന്നതിനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു..

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

**ആമുഖം**

കുട്ടികളിലുണ്ടായ പഠനവിടവുകൾ നികത്തിക്കൊണ്ട് ആധുനിക സങ്കേതങ്ങളുടെ സഹായത്തോടെ ഭാഷാപഠനത്തിൽ കൂടുതൽ രസകരവും ആസ്വാദ്യകരവുമായ രീതിയിൽ കുട്ടികളെ പങ്കാളികളാക്കാനും സ്കൂളിലെ എല്ലാ കുട്ടികളും ഭാഷാപരമായി നേടേണ്ട ശേഷികൾ കണ്ടെത്തി അവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ലക്ഷ്യം കൈവരിക്കാനാവശ്യമായ പ്രവർത്തനങ്ങളാണ് ജൂൺ മുതൽ മാർച്ച് മാസം വരെ നടപ്പിലാക്കുന്നത്.

**ലക്ഷ്യങ്ങൾ**

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
* എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.
* എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു.
* സർഗാത്മക രചനകൾക്കും അവതരണത്തിനുമുള്ള അവസരം നൽകുന്നു.

* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ (ICT) പരമാവധി പ്രയോജനപ്പെടുത്തുക.

* സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഒരുക്കുകയും അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു. | * പത്രവായന<br>* ഓർമ്മച്ചെപ്പ്<br>* വായനാമൂല<br>* വായനാക്കുറിപ്പ്<br>* ആസ്വാദനക്കുറിപ്പ്<br>* പോസ്റ്റർ രചന<br>* ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ (ഒരു കുട്ടി ഒരു പുസ്തകം സംഭാവന | ജൂൺ മുതൽ മാർച്ച് | ക്ലാസ് അധ്യാപിക. |
| സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഒരുക്കുകയും അതിന് | | | |

| | | | |
|---|---|---|---|
| അനൗപചാര്യമായ പ്രവർത്തനങ്ങൾ ഒരുക്കൽ | * ഡയറി എഴുത്ത്<br>* അനുഭവക്കുറിപ്പ്<br>* സാഹിത്യക്വിസ്<br>* പത്രവാർത്താ ശേഖരണ പതിപ്പ്<br>* വായനാ മത്സരം<br>* സൂചനകൾ നൽകി കഥ, കവിത, രചന<br>* കഥ, കവിത അവതരണം | ജൂൺ മുതൽ മാർച്ച് | ക്ലാസ് അധ്യാപിക സബ്ജക്ട് കൗൺസിൽ |
| സർഗാത്മക രചനകൾക്കും, അവതരണത്തിനുമുള്ള അവസരം നൽകി, സർഗാത്മകത വളർത്തുക.<br>ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ (ICT) പരമാവധി പ്രയോജനപ്പെടുത്തുക | * സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>* അടുത്തുള്ള ലൈബ്രറി സന്ദർശനം<br>* പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം<br>* ദിനാചരണവുമായി ബന്ധപ്പെട്ട പ്രസംഗ, പ്രഭാഷണം, നടത്താനുള്ള അവസരമൊരുക്കൽ<br>* സാഹിത്യകാരന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| | * പ്രാദേശിക സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>* കവിതാലാപനം<br>* കഥാവതരണം<br>* കഥാപതിപ്പ്, കവിതാപതിപ്പ്, ചിത്രപതിപ്പ് തയ്യാറാക്കൽ<br>* കഥാപാത്ര ദൃശ്യാവിഷ്കാരം. | | |
| * സ്കൂൾ പത്രം | സ്കൂളിലെ ഒരാഴ്ചത്തെ സംഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ പത്രം തയ്യാറാക്കുന്നു. | ആഴ്ചയിൽ | മലയാളം അധ്യാപകർ |

# UP ARABIC

| Sl No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | പദസമ്പത്ത് വർദ്ധിപ്പിക്കാൻ അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ | വളരുന്ന നിഘണ്ടു. സ്വന്തം നിഘണ്ടു. നിഘണ്ടു പരിചയം | V-VII | ജൂൺ - സെപ്റ്റംബർ | അധ്യാപകൻ |
| 2 | ക്ലബ്ബ് ശാക്തീകരണം | അലിഫ് അറബിക് ക്ലബ്ബ് രൂപീകരണം ക്ലബ്ബിൻറെ കീഴിലുള്ള പ്രവർത്തനങ്ങൾ "മഹാന്മാരെ അറിയൽ" | V-VII | ജൂൺ 25 - സെപ്റ്റംബർ | അധ്യാപകൻ , ക്ലബ്ബ് മെമ്പർമാർ |
| 3 | സ്കോളർഷിപ്പ് (അലിഫ് അൽ മാഹിർ) എല്ലാ കുട്ടികളെയും എക്സാമിന് വേണ്ടി തയ്യാറാക്കൽ | മോഡൽ ചോദ്യങ്ങൾ പരിചയപ്പെടുത്തൽ ആഴ്ചതോറും ക്വിസ് പ്രോഗ്രാം നടത്തുന്നു ദിനാചരണങ്ങളുമായി ബന്ധപ്പെട്ട അറബിക് ക്വിസ് നടത്തുന്നു. | VII | ജൂൺ - ഫെബ്രുവരി | അധ്യാപകൻ |
| 4 | എല്ലാ കുട്ടികൾക്കും അറബിഭാഷയിൽ വിവിധ രചനകൾ എഴുതാൻ സാധിക്കുന്നു | അറബി മാഗസിൻ നിർമ്മാണം ഓരോ ക്ലാസിലെ കുട്ടികൾക്കും അവരവരുടെ കഴിവുകൾക്കനുസരിച്ച് രചനാ മത്സരങ്ങൾ നടത്തുന്നു | V-VII | ജൂൺ - ഫെബ്രുവരി | അധ്യാപകൻ |
| 5 | അറബി ഭാഷാ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബി ഭാഷയുമായി നേർക്കുനേർ ബന്ധമുള്ള പദപ്പയറ്റ്, പദകേളി, പ്രസംഗം | V-VII | ജൂൺ - മാർച്ച് | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | തുടങ്ങിയ മത്സര പരിശീലനത്തിലൂടെയുള്ള പ്രവർത്തനം. | | | |

समग्रास्त्रूतणम् (Academic Master Plan) विषयः - संस्कृतम्

| क्र न | लक्ष्य | प्रवर्तनम् | कक्ष्या | कालावधि | मार्गः |
|---|---|---|---|---|---|
| 1. | ~~कक्षकर्म~~ दैनंदिन पत्रवर्ता पारायणम् | केरलीपत्रं पठित्वा अनन्तरं संस्कृते परिवर्तनं कृत्वा कक्ष्यायां अवतारयति। | 5-7 कक्ष्याः | जूलै - मार्च् | संस्कृत अध्यापिका |
| 2. | संस्कृत शिबिरं | पञ्च, षट्, सप्त कक्ष्यायां मेलनं कृत्वा प्रतिमासं दिनद्वयं संस्कृतसम्भाषण शिबिरं संघाटयति। | 5-7 कक्ष्याः | जूलै - मार्च् | संस्कृत अध्यापिका |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-2026.

## വിഷയമേഖല : ഉറുദു.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|---|
| 1. | ഉറുദു അക്ഷരങ്ങൾ കൂടാതെ വായിക്കുകയും എഴുതുകയും ചെയ്യുന്നതിന്. | * അഞ്ചാംതരത്തിൽ അക്ഷര കാർഡ് ഉപയോഗിച്ച് അക്ഷരം ഉറപ്പിക്കൽ. ആ അക്ഷരങ്ങളിൽ നിന്ന് വാക്കുകളും വാക്കുകളിൽ നിന്ന് വാക്യങ്ങളും നിർമ്മിക്കൽ (5, 6, 7) | ജൂൺ to മാർച്ച് | ഉറുദു അധ്യാപിക. |
| 2. | കുട്ടികളിൽ താൽപര്യം ഉണ്ടാക്കുക<br>* വായനാശേഷി വർദ്ധിപ്പിക്കുക | * ദേബോ ഏക് സവാൽ<br>* ക്വിസ് മത്സരം<br>* വായനാമത്സരം<br>* പോസ്റ്റർ നിർമ്മാണം. (ICT) | June to March | |
| 3 | സാമ്പത്തികം | ഉറുദു അധ്യാപകർ | | |
| 4 | Documentation | പരിപാടികളുടെ ഫോട്ടോ vedio Report - വാർത്താ കുറിപ്പുകൾ. | | |
| 5 | പ്രചാരണം | Urdu club members | | |
| 6. | മോണിറ്ററിംഗ്, (വിലയിരുത്തൽ | SRG, HM. വിഷയസമിതി. | | |

# UP-English (2025-26)

| Aim | Activities | Month | Responsible person | Economic source |
|---|---|---|---|---|
| To encourage Reading. Develop basic reading, writing, listening and speaking skills. | Interactive Reading Circles: Divide students in to small groups and Provide them with age-appropriate texts, short stories or excerpts from novels. | June | English Teachers | English Club |
| To encourage Listening and speaking. Introduce different genres (fiction, non-fiction, poetry) Enhance vocabulary. Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills. Group discussions and role-plays to improve Speaking skills. | June-July | English Teachers. | English Club SRG |

| Aim | Activities | Month | Responsible person | Economic source |
| --- | --- | --- | --- | --- |
| Cultivate effective communication skills for various contexts. | Introducing simple short stories. Try to speak simple English words and sentences in day to day life. Encourage students to speak simple english words and sentences. Word-building games and rhymes. | June-July | English Teachers | English club SRG |
| | Debates and presentations for advanced speaking practice. Guided reading sessions with comprehension questions. | August-December | English teachers | English club |

| Aim | Activities | Month | Responsible Person | Economic Source |
| --- | --- | --- | --- | --- |
| To develop writing Skills. Introduce grammatical concepts such as parts of speech tenses and sentence structure. | Improve sentence structure. Practice for simple creative writing tasks like descriptive paragraphs, short stories and simple poetry. | January-February | English Teachers. | English club |
| Language Games, Puzzles and Activities. | Integrate language games and activities to reinforce vocabulary, grammar and language skills in an engaging way. To create their own poems, stories dictionary etc and present it to the class. | ~~January~~ Throughout the year | English Teachers | English club |

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| Differentiation and support | Recognize and accomodate the diverse learning needs of students through differentiated instruction, including accomodations and modifications for Specially abled students and gifted learners. | Throughout the year. | English Teachers | English club |
| | Provide additional support and resources such as small group instruction, tutoring, Peer mentoring and remedial | Throughout the Year | English Teachers | English club SRG |

| Aim | Activities | Month | Responsible person | Economic source |
|---|---|---|---|---|
| | programs to help struggling students and challenge advanced learners. collaborate with learning support specialists, language teachers and other support staff to ensure inclusive practices and provide targeted support for students with specific learning needs. | Throughout the year | English Teachers | English club |
| Assessment and feedback. | Design a range of assessment tasks and tools to measure students language proficiency, comprehension and writing skills | Throughout the year | English Teachers | English club SRG |

| | | | | |
|---|---|---|---|---|
| | including formative and summative assessments. | | | |
| | Use a varriety of assessment methods such as quizzes tests, essays, presentations, projects and performance tasks to assess different aspects of language learning | Throughout the year | English Teachers | English club SRG |
| | Provide timely and constructive feedback to students that highlights their strengths, identifies areas for improvement and suggests strategies for further development. | Throughout the year | English Teachers | English club SRG |

യു.പി. ഹിന്ദി അക്കാദമിക മാസ്റ്റർ പ്ലാൻ
2025-26

എം.എ.യു.പി. സ്കൂൾ മാലിലങ്ങാട്

മേഖല : അക്കാദമികം - ഹിന്ദി

പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ അനായാസമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക.

- ഓരോ യൂണിറ്റിലും ലക്ഷ്യമിടുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികളിൽ ഭാഷാസ്നേഹവും - ദേശഭക്തിസ്നേഹവും വളർത്തിയെടുക്കുക.

- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

- പിന്നോക്കക്കാരായ കുട്ടികൾക്ക് ക്ലാസുകൾ നൽകി മെച്ചപ്പെടുത്തുക.

- ഹിന്ദി അസംബ്ലികൾ നടത്തുക, ഹിന്ദി പത്രവായന നടത്തുക
- ഹിന്ദി ക്ലാസുകൾ വഴി ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 1) 5,6,7 ക്ലാസ്സുകാർക്ക് ബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പരിചയപ്പെടുത്തുക | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് പഠിപ്പിക്കുക. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, അക്ഷര രചന എന്നിവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| 2) ഹിന്ദി വായന മെച്ചപ്പെടുത്തുക ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യുക | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. കൂടി ഹിന്ദി ചിത്രകഥകൾ, അതിന്റെ കൂടെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി-വരെ | ഹിന്ദി അധ്യാപിക |
| 3) ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കുക. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ മാത്രം സംസാരിക്കും വരെ ക്ലാസിൽ കൊണ്ടുവരും വായനയ്ക്ക് ഹിന്ദി ഭാഷ അധ്യാപകർ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. കൂടുതൽ വായിക്കുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപിക |

# സാമൂഹ്യശാസ്ത്രം (യു.പി.)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ① ഡിജിറ്റൽ കൂട്ടക്കം വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് | സാമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ SRG | പി.ടി.എ. |
| ② മയക്കുമരുന്ന് ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു. | മയക്കുമരുന്ന് ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ICT യുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. സ്കിറ്റ് തയാറാക്കി അവതരണം. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ SRG | |
| ③ കുട്ടികൾക്കെതിരെയുള്ള അതിക്രമം, ലൈംഗിക പീഡനം, അശ്ലീല ദൃശ്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക. പോക്സോ നിയമത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക. | കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും എന്ന വിഷയത്തിൽ നിയമവിദഗ്ധരുടെ സഹായത്തോടെയുള്ള ബോധവൽക്കരണ ക്ലാസ്. സ്കൂളിൽ ചാർട്ടിൽ ഒട്ടിച്ച് സ്ഥാപിക്കൽ. Safe touch / Secret touch തിരിച്ചറിഞ്ഞ് പറയേണ്ടിടത്ത് No പറയാൻ പരിശീലിപ്പിക്കുന്നു. | അക്കാദമിക വർഷം | SRG സാമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ | പി.ടി.എ. |
| ④ റോഡ് സുരക്ഷയെക്കുറിച്ചും, റോഡ് നിയമങ്ങളെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു | റോഡ് സുരക്ഷയെക്കുറിച്ചും റോഡ് നിയമങ്ങളെക്കുറിച്ചും കുട്ടികളിൽ അവബോധമുണ്ടാക്കുന്നതിന് ട്രാഫിക് പോലീസിന്റെ സഹായത്തോടെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. റോഡ് നിയമങ്ങൾ നേർക്കാഴ്ചയാക്കുന്നു | അക്കാദമിക വർഷം | SRG സാമൂഹ്യശാസ്ത്ര ക്ലബ്ബ് കൺവീനർ | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ ലോകത്തെക്കുറിച്ച് കുട്ടികളെ കൈപിടിച്ചുയർത്തുന്നതിനുവേണ്ടി കടൽക്ഷോഭം, വെള്ളപ്പൊക്കം, ഭൂകമ്പം, ഉരുൾപൊട്ടൽ, തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ വഴിയും, അപകടങ്ങൾ, വ്യവസായ ശാലകളിലെ ദുരന്തങ്ങൾ തുടങ്ങിയ മനുഷ്യനിർമ്മിത ദുരന്തങ്ങൾ വഴിയും ദുരിതമനുഭവിക്കുന്നവരെ സന്ദർശിക്കാനും അവർക്കാവശ്യമായ സേവനങ്ങൾ നൽകാനും അവസരമൊരുക്കുന്നു. | അക്കാദമിക വർഷം | S.S. ക്ലബ്ബ് SRG. | പി.ടി.എ. |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിന്. | ജനാധിപത്യ രീതിയിൽ സ്കൂൾ തെരഞ്ഞെടുപ്പ് നടത്തി സ്കൂൾ പാർലമെന്റ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. അവരുടെ നേതൃത്വത്തിൽ സ്കൂൾപാർലമെന്റ് ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ഓരോ ടേമിലും ഓരോന്ന് | S.S. ക്ലബ്ബ് SRG | പി.ടി.എ |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതിക്ക് ദോഷകരമായ രീതിയിലുള്ള മനുഷ്യരുടെ ഇടപെടലുകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കടൽത്തീരം, ജലാശയങ്ങൾ, നദികൾ എന്നിവ സന്ദർശിച്ച് ശുചീകരണപ്രവർത്തനങ്ങളിലും, ബോധവൽക്കരണപ്രവർത്തനങ്ങളിലും പങ്കാളികളാവുകയും ചെയ്യുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര ക്ലബ്ബ് SRG | പി.ടി.എ. |
| കുട്ടികളിൽ സാമൂഹികാവബോധം വളർത്തിയെടുക്കൽ | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ, ഫീൽഡ്ട്രിപ്പുകൾ, Virtual field trip (ICT സാധ്യതകൾ ഉപയോഗിച്ച്) വീഡിയോ പ്രദർശനം. നടത്തി കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര ക്ലബ്ബ് SRG | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ കുട്ടികളെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുക | അറിവിന്റെ മാസ്മരിക ലോകം കുട്ടികൾക്ക് തുറന്നുകൊടുക്കുന്നതിന്റെ ഭാഗമായി ക്ലാസിൽ ദിവസവും പത്രം വായിക്കാനും ആഴ്ചയിൽ ഒരു ദിവസം അസംബ്ലിയിൽ വാർത്താവായന. ആഴ്ചയിൽ മധ്യമക്വിസ് സംഘടിപ്പിക്കാനും, വിജയികളെ ഉൾപ്പെടുത്തി ത്രിമാസ മധ്യമക്വിസ് നടത്തൽ. മെഗാ ക്വിസ് [ICT യുടെ സഹായത്തോടെ] സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ<br>മെഗാക്വിസ് [2 ടേമിൽ] | SRG<br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br>SS ക്ലബ്ബ് | |
| | | | | |

## വിഷയ മേഖല: അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • ജൈവവൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊളളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | മാനേജ്മെന്റ്, പി.ടി.എ. |
| | • കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ശാ.വൃ-കൾ, സംരക്ഷണം, കണ്ടൽകാട് നിരീക്ഷണം. | അക്കാദമിക വർഷം മുഴുവൻ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | പി.ടി.എ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരീക്ഷണം, രൂപകൽപന, അപഗ്രഥനം. തുടങ്ങിയവയിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിലെത്തിക്കുക | • പരീക്ഷണ കളരി<br>വിവിധ തരത്തിലുള്ള പരീക്ഷണങ്ങൾ കുട്ടികൾ ഗ്രൂപ്പായി ചെയ്യുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | സയൻസ് ക്ലബ് |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്ര, പകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക. | • ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുക. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | • ശാസ്ത്രോത്സവം<br>ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ശാസ്ത്രോത്സവം സംഘടിപ്പിക്കുക. | അക്കാദമിക വർഷം | പി.ടി.എ, മാനേജ്മെന്റ് | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | • ക്ലാസ്‌തല ശാസ്ത്ര ലൈബ്രറി<br>കുട്ടികളിൽ ശാസ്ത്രബോധം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ തല ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി. ക്വിസ് മത്സരം സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സയൻസ് ക്ലബ് | പി.ടി.എ |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | പോഷകാഹാര പരിപാടി<br>മെഡിക്കൽ ക്യാമ്പ് | വർഷത്തിൽ ഒരു തവണ | PTA, ഹെൽത്ത് ഗാർഡ്, HM | PTA<br>മാനേജ്‌<br>മെന്റ് |
| | ബോധവൽക്കരണ ക്ലാസ് | അക്കാദമിക വർഷം | HM, ശാസ്ത്ര ക്ലബ് | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ - യു.പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ (ചതുഷ്ക്രിയകൾ) എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുന്നതിന് | ഗണിത കേളികൾ കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മുതൽ ആഗസ്റ്റ് | ഗണിത അധ്യാപിക. |
| ഗണിത ലാബ് | അളവുപകരണങ്ങൾ, ഗണിത പസിലുകൾ, സംഖ്യാ ചാർട്ടുകൾ, ജ്യാമിതീയ രൂപങ്ങൾ, ഗണിത ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ എന്നിവ സജ്ജീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| ആകർഷകമായ ഹരിത ശാസ്ത്ര പഠനവും കൃഷിയിട ശേഷികളും വികാസവും | <u>ഒറിഗാമി ശില്പശാല</u><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഹരിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ.<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.<br>അവയുടെ ഹരിത സവിശേഷതകൾ പരിചയപ്പെടുത്താൻ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | ഹരിത അധ്യാപകർ |
| ഹരിതം മധുരമാക്കൽ | <u>ഹരിത പാർക്ക്</u><br>ആവശ്യമായ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവിശ്യം | ഹരിത ക്ലബ് അധ്യാപകർ |

| | | | |
|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |
| ICT സാധ്യത | ക്ലാസിൽ ICT പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് | ഗണിത അധ്യാപകർ |